Talented Bankers Literary Panel
പുസ്തക പരിചയം 150

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
കഞ്ഞികുഴി (ആലപ്പുഴ) ശാഖ.

ഖബർ
കെ ആർ മീര

നിത്യമായ അശാന്തിയുടെ പുസ്തകം

തേർഡ് പേർസണിൽ നിന്നും ഫസ്റ്റ് പേഴ്സണിലേക്ക് മാറുന്നതൊഴിച്ചാൽ
കഥപറച്ചിൽ രീതിയിൽ മീരയുടെ മുൻകാല പുസ്തകങ്ങളുമായി
ഖബറിന് പ്രകടമായ മറ്റു വ്യത്യാസങ്ങളൊന്നുമില്ല.

പ്രേമ
രാധിക
ജസബൽ
എന്നിവർ ചെയ്തതുപോലെ
ഭാവനയിലൂടെ മീര എന്ന മരം കൈച്ചില്ലകളെത്തിപ്പിടിച്ച്
ഓരോ പെണ്ണിനേയും തൊടുന്നു.
തൊട്ട് സൂര്യനെയണിഞ്ഞവൾ ആക്കുന്നു.

പുസ്തകം തുറക്കുമ്പോൾ
കവറിൽ അതുവരെയിഴഞ്ഞു നടന്നിരുന്ന പാമ്പ്, മീരയുടെ
അലൗകികമായ രചനാ ശക്തിയാകുന്ന മാണിക്യത്തേയും
വഹിച്ചുകൊണ്ട് പേജുകളിലുടനീളം
ഇഴഞ്ഞിഴഞ്ഞു നടക്കുന്നു.

അതിന്റെ വിഷമേറ്റയക്ഷരങ്ങൾ
വയലറ്റ് നിറമാർജിക്കുന്നു.. മുപ്പത്തി രണ്ടാം പേജിൽ പറയുന്നതുപോലെ,
അലൗകികമായ വയലറ്റ്!

ആറുവർഷമായി വിവാഹമോചിതയായ
ഭാവന എന്ന ജില്ലാജഡ്ജിയുടെ
കോടതി മുറിയിലേക്ക് OS 2/2019ന്റെ വാദികളും പ്രതികളും
കടന്നുവരുന്നതോടെ അവളുടെ ജീവിതം മാറിമറിയുകയാണ്.

എഡ്വേഡ് റോസിന്റെ സൗമ്യവും മതിവരാത്തതുമായ സൗരഭ്യവുമായി
കാക്കശ്ശേരി ഖയാലുദ്ദീൻ തങ്ങൾ പ്രവേശിച്ചതും,അവൾ

പൊട്ടിവീണൊരൂഞ്ഞാലായി മാറുന്നു.

അതു വച്ചു കെട്ടാനുള്ള മരുന്നുകൾ തേടി, മനസ്സിന് റൂളിംഗ് നൽകി,
ഭിന്നശേഷിക്കാരനായ മകനെയുംകൊണ്ട്
അച്ഛന്റെയും അമ്മയുടെയും
അടുത്തെത്തുകയാണവൾ.

അവരുടെ ഓർമകളിൽനിന്ന്
യോഗീശ്വരൻ അമ്മാവനെക്കുറിച്ചുള്ള ഐതിഹ്യങ്ങളുടെ ഒടിഞ്ഞ
ചിറകുകൾ അവൾ വീണ്ടെടുക്കുകയാണ്;
കാശിയിൽ നിന്ന് കാൽ നിലംതൊടാത്ത രണ്ട് പെൺകുട്ടികളെയും
കൊണ്ട് തിരിച്ചെത്തിയ,
അനന്തിരവരുടെ ചതിയാൽ
പിന്നീട്കൊല്ലപ്പെട്ട അമ്മാവൻ.

കേസിന്റെ ഇഷ്യൂസ് ഫ്രെയിം ചെയ്യുമ്പോൾ ഭാവന തിരിച്ചറിയുന്നുണ്ട്,
നീതി ആണോ പെണ്ണോ എന്ന്.
'സംശയമേ വേണ്ട പെണ്ണാണ്,
കണ്ണു കെട്ടിയ പെണ്ണ്'
എന്ന് ആ തിരിച്ചറിവ് ഉജ്ജ്വലമായി അടയാളപ്പെടുത്തിയിരിക്കുന്നു.

അദ്വൈതിനേയും കോരിയെടുത്തു കൊണ്ടുള്ള അവളുടെ യാത്രകളെ,
'കോരിച്ചൊരിയുന്ന മഴ, നരകം പിടിച്ച ഡ്രൈവിംഗ്, അന്തംവിട്ട് ട്രാഫിക്,
എൻ്റെയും ആകാശത്തെയും കണ്ണുനീർ..'എന്ന് സംഗ്രഹിച്ചിരിക്കുന്നു.

പ്രമോദുമായിട്ടുണ്ടായിരുന്ന ദാമ്പത്യത്തിന്റെ രക്തം ഛർദ്ദിച്ചുള്ള
മരണശേഷം അമ്മ അവളോട് പറയുന്നുണ്ട്,
'ടാഗോർ എഴുതിയത് ഓർത്താൽ മതി. കൂട്ടിനുള്ളിലാണെങ്കിൽ
ചിറകുകൾ വിടർത്താൻ ഇടമില്ല. പക്ഷേ പിടിച്ചിരിക്കാൻ അഴിയുണ്ട്.
ആകാശത്താണെങ്കിൽ ചിറകുവിടർത്താനിടമുണ്ട്. പക്ഷേ,
പിടിച്ചിരിക്കാൻ അഴിയില്ല. ഏതു വേണം നീയാണ് തീരുമാനിക്കേണ്ടത്. '

ഈ നോവലിൽ സാർവ്വലൗകികമായ
ഒരു ഭാഗമുണ്ടെങ്കിൽ അത്
ഇതാണ് ,
ഇതാണ് ,
ഇതാണ്!

തുടർന്നു കോടതി മുറിയിൽ നടക്കുന്ന, അവളുടെ ധിഷണാശക്തിയും
ഖയാലുദ്ദീൻതങ്ങളുടെ അദൃശ്യ ശക്തികളും തമ്മിലുള്ള
പോരാട്ടത്തിനിടയിൽ അവളുടെ ഓർമ്മകൾ വീണ്ടുമാ തകർന്നടിഞ്ഞ
കാലത്തെ ഖനനം ചെയ്യുന്നുണ്ട്.

'പ്രേമത്തിന്റെ തെള്ളിപ്പൊടിയെറിഞ്ഞ് ആത്മാവിനെ കണ്ണുകാണാതെയാക്കി സമൂഹത്തിന്റെ യക്ഷിപ്പാലയിൽ തറച്ച പരിപാടിയായിരുന്നു എന്റെ വിവാഹം. മരം ദ്രവിച്ചപ്പോൾ ആണികൾ ഓരോന്നായി ഊരി വീണു'

മീരയുടെ ക്രാഫ്റ്റിന്റെ പൂർണചന്ദ്രൻ
പേജ് 76ൽ ഉദാത്തമായുദിച്ചു നിൽക്കുന്നു!

'കേസിനെ നാൾവഴികൾക്കൊടുവിൽ ഞാൻ ആത്മാവിനെ ഡിവോഴ്സ് ചെയ്ത ശരീരമായി. പ്രമോദിനെ സ്നേഹിച്ച നിമിഷങ്ങളുടെ ഓർമ്മകൾ ജിന്നുകളായി ചുറ്റും പറന്നു..'എന്നു മുങ്ങിത്തപ്പി
'ജീവിതം ഒരു സൂട്ടല്ല ഡിക്റിയാണ്'
എന്ന തിരിച്ചറിവിലേക്കവൾ പൊങ്ങിയുയർന്നുവരുന്നു.

വീണ്ടുമൊരു വെട്ടിത്തിരിയൽ കഥാകാരി നമുക്കായി കാത്തു വെച്ചിരിക്കുന്നു, അവസാന പേജുകളിൽ.

ഖയാലുദ്ദീൻതങ്ങൾ വിശുദ്ധനാക്കപ്പെടുകയും
ഭാവന പ്രണയത്താൽ ജ്ഞാനസ്നാനം ചെയ്യപ്പെടുകയും ചെയ്യുമ്പോൾ,.
മീരയുടെ തൂലിക പൂർവ്വാധികം അഴകളവുകളോടെ നൃത്തം വയ്ക്കുന്നു.
ഉന്മാദങ്ങളുടെ ഉദ്യാനത്തിലേക്കുള്ള അവരുടെ യാത്ര. ആ യാത്രാവഴികളിലെ ചില്ലു മേഘങ്ങളിൽ തട്ടി മുറിയുന്ന അവരുടെ ചിറകുകൾ..

പതിവ് ചേരുവകളോടെ തന്നെയാണ്
മീര നമുക്ക് ഭക്ഷണമുണ്ടാക്കിത്തരുന്നത്.
അവരെആദ്യമായി വായിക്കുന്നവരെ എക്സൈറ്റ് ചെയ്യുമെങ്കിലും പിന്തുടരുന്നവരെ സംബന്ധിച്ചേടത്തോളം പ്രവചനാപൂർണ്ണമായ ഒരു യാത്ര തന്നെയാണീ നോവൽ.

അതുകൊണ്ടാകാം ജെസബെല്ലിനു സാധിച്ചതു പോലെ, മനസ്സിൽ വലിയൊരു മുഴക്കം സൃഷ്ടിക്കുന്നതിൽ
ഭാഗികവിജയമേ ഭാവനയ്ക്ക് നേടാൻ കഴിയുന്നുള്ളൂ..

എങ്കിലും ഖബർ എന്ന ടൈറ്റിലിലൂടെ 'ഭഗവാന്റെ മരണത്തിന്റെ കഥാകാരി തീർക്കുന്ന പ്രതിരോധത്തിന്റെ സന്ദേശം സുവ്യക്തമാണ്.
ആ ഒരർത്ഥത്തിൽ ഇത് വായിക്കപ്പെടേണ്ട കൃതിയാകുന്നു!

*പറയാൻ മറന്നത്:*
രവി ഡി സി യുടെ ഒരു അദൃശ്യ അവതാരിക കൂടിയുണ്ടീ പുസ്തകത്തിൽ.
ഒരു നോവലെറ്റിനെ എങ്ങനെ നോവലാക്കി മാറ്റാം എന്ന ശീർഷകത്തിൽ!

പ്രസാധകർ - ഡി സി ബുക്സ്
വില - Rs. 150/-